**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5089** **02-11-2021 - ൽ മറുപടിയ്ക്ക്**

**നെൽകൃഷി വ്യാപിപ്പിക്കാൻ ഗ്രൂപ്പ് ഫാമിങ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നെൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രൂപ്പ് ഫാമിങ് ശക്തിപ്പെടുത്താൻ നടപടികൾ ഉണ്ടാകുമോ; | (എ) | കേരളത്തിലെ നെൽ വയലുകളിൽ ഭൂരിഭാഗവും പ്രാദേശികാടിസ്ഥാനത്തിൽ ഒരുമിച്ച് സ്ഥിതി ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരമുള്ള നെൽ വയലുകളിൽ നടത്തുന്ന കാർഷിക പ്രവർത്തനങ്ങൾ ഗ്രൂപ്പടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത് കൂടുതൽ പ്രായോഗികവും ഉത്പാദനച്ചെലവ് കുറയ്ക്കുവാൻ സഹായകരമാവുകയും ചെയ്യുന്നു. കൂടാതെ നെൽക്കൃഷിയിൽ പ്രകൃതിയും കാലാവസ്ഥയും ഏറെ സ്വാധീനം ചെലുത്തുന്നതിനാൽ പ്രകൃതി ക്ഷോഭം, കാലാവസ്ഥാ വ്യതിയാനം തുടങ്ങി ഏറെ വെല്ലുവിളികൾ നേരിട്ടുകൊണ്ടാണ് കർഷകർ നെൽകൃഷി ചെയ്യുന്നത്. ഇത്തരം സാഹചര്യങ്ങളെ കൂട്ടായി നേരിടുന്നത് കർഷകർക്ക് ഏറെ ആശ്വാസകരമാകും. ആയതിന്റെ അടിസ്ഥാനത്തിലാണ് അനവധി പാടങ്ങൾ ചേർന്ന "പാടശേഖരങ്ങൾ" എന്ന ആശയം ഉരുത്തിരിയുകയും നടത്തിപ്പിനായി പാടശേഖര സമിതികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിക്കുകയും ചെയ്തത്. നെൽകൃഷി വികസനപദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു. 1) സുസ്ഥിര നെൽകൃഷി വികസന പദ്ധതി : സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിനായി 8584.83734 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 156087.95 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കി വരുന്നു. 2) |

| | | | |
|---|---|---|---|
| | | | പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി : പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 83334 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് സഹായധനം നൽകുന്നതിന് വേണ്ടി 300 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. 3) പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളിലെ അടിയന്തിര അടിസ്ഥാനസൗകര്യ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം : പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളോടനുബന്ധിച്ച കനാലുകളിലെ തടസ്സങ്ങൾ നീക്കൽ, പമ്പ് സെറ്റിന്റെയും മറ്റ് മെഷിനറികളുടെയും റിപ്പയർ മുതലായ അടിയന്തിര പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. 4) പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം റൈസ് മിൽ സ്ഥാപിക്കൽ ബ്ലോക്ക് ലെവൽ കൺവെർജെൻസ്: പാടശേഖരസമിതികളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പ്രോജക്ട് അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് 70 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 5 ലക്ഷം വരെയുള്ള പ്രവൃത്തികൾ ജില്ലാ തലത്തിലുള്ള സമിതിയും അഞ്ചു ലക്ഷത്തിലധികമായ പ്രവൃത്തികൾക്ക് ജില്ലാതല സമിതിയുടെ ശുപാർശയോടെ സംസ്ഥാനതല സമിതിയുമാണ് അംഗീകാരം നൽകുന്നത്. |
| (ബി) | സർക്കാർ പ്രഖ്യാപിച്ച റൈസ് ബയോപാർക്ക് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിലായി 3 ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കുകൾ സ്ഥാപിക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത പാർക്കുകളുടെ നിർമാണ പ്രവർത്തനങ്ങൾക്കായി KINFRA യെ ചുമതലപ്പെടുത്തുകയും, വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കാൻ KITCO യെ കൺസൾട്ടന്റായി തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ